## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3496 — 09.04.2013-ലെ മറുപടിക്ക്

### വെഞ്ഞാറമൂട് ടൗണിലെ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | സംസ്ഥാന പാതയിൽ വെഞ്ഞാറമൂട് ടൗണിലെ ഗുരുതരമായ ഗതാഗതതടസ്സം മരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ). | ഉണ്ട്. |
| (ബി). | എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | കെ.എസ്.റ്റി.പി. പദ്ധതിയിൽപ്പെടുത്തി അപ്ഗ്രഡേഷൻ പ്രവൃത്തി പൂർത്തിയാക്കിയ കഴക്കൂട്ടം-തൈക്കോട്-ചെങ്ങന്നൂർ എം.സി. റോഡിൽ വരുന്ന വെഞ്ഞാറമൂട് ടൗണിലെ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 80 കി.മീ. ദൈർഘ്യം വരുന്ന കഴക്കൂട്ടം-തൈക്കോട് –അടൂർ സേഫ് കോറിഡോർ പൈലറ്റ് പദ്ധതിയിൽപ്പെടുത്തി വെഞ്ഞാറമൂട് ടൗണിൽ കൂടുതൽ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ നടത്തുന്നതാണ്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന ഈ പൈലറ്റ് പദ്ധതിയുടെ നടത്തിപ്പിനു വേണ്ടിയുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനോടൊപ്പം പോലീസ്, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ടി വകുപ്പുകളുടെ കൂടി മേൽനോട്ടത്തിൽ മേൽ ടൗണിലെ ഗതാഗതതടസ്സം മാറ്റുന്നത് ഉൾപ്പെടെയുള്ള കൂടുതൽ റോഡു സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി). | പ്രസ്തുത വിഷയത്തിൽ ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ